**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1479** **06.03.2020-ലെ മറുപടിയ്ക്ക്**

**വി.ഇ.ഒ.മാരുടെ പരിശീലന കാലാവധി**

| ചോദ്യം<br>ശ്രീ.സി.കെ.ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിലവിലെ പ്രീസർവ്വീസ് പരിശീലനം ഇൻ സർവ്വീസ് ആയി ഉത്തരവായിട്ടുണ്ടോ; | (എ) | ഉണ്ട്. 28.09.2016-ലെ ജി.ഒ (എം.എസ്) 137/16/തസ്വഭവ ഉത്തരവ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം മൂന്ന് മാസത്തെ ഇൻസർവ്വീസ് പരിശീലനം ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | മുൻകാലങ്ങളിലെ വി.ഇ.ഒ.മാരുടെ പ്രീസർവ്വീസ് കാലയളവും ഇൻസർവ്വീസ് ആയി പരിഗണിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾക്കായി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | വി.ഇ.ഒ.മാരിൽ പ്രീസർവ്വീസ് പരിശീലന കാലാവധി സർവ്വീസായി പരിഗണിക്കാത്തവർ, പരിശീലന പരിപാടി സർവ്വീസ് ആയി പരിഗണിക്കുന്നവർ എന്നിങ്ങനെ രണ്ടുതരം ജീവനക്കാർ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 28.09.2016-ലെ ജി.ഒ (എം.എസ്) 137/16/തസ്വഭവ ഉത്തരവ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം മൂന്ന് മാസത്തെ ഇൻസർവ്വീസ് പരിശീലനം ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവിന് 25.05.2016 മുതൽ പ്രാബല്യമുണ്ട്. ടി തീയതിക്കു മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്. ഈ നിബന്ധന ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ